*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

183rd Issue - Volume 5, No. 17 ജാഗ്രത 6th May 2011

" അവരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ, അവൻ അപ്പം എടുത്ത് ആശീർവ്വദിച്ച് മുറിച്ച് അവർക്കു കൊടുത്തു. അപ്പോൾ അവരുടെ കണ്ണു തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു. പക്ഷേ, അവൻ അവരുടെ മുമ്പിൽ നിന്ന് അപ്രത്യക്ഷനായി."

(ലൂക്കാ24:30-31)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil



Blessed Rose

## പ്രധാന വാർത്തകൾ

ജോൺപോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവൻ

---

വർഗസമരത്തിലൂടെ തൊഴിലാളികളുടെ വികസനം സാധ്യമാകില്ല: മാർ ജോസഫ് പവ്വത്തിൽ

---

തൊഴിലാളികളുടെ അവകാശങ്ങളും അന്തസും സഭ ഉയർത്തിപ്പിടിക്കും: മാർ പോളി കണ്ണൂക്കാടൻ

---

ബിൻലാദന്റെ വധത്തിൽ ആഹ്ലാദിക്കണ്ട; വത്തിക്കാൻ

---

ഹങ്കറിയുടെ പുതിയ ഭരണഘടന ജീവിക്കുവാനുള്ള അവകാശത്തെയും രാഷ്ട്രത്തിന്റെ ക്രിസ്തീയ പാരമ്പര്യത്തെയും അംഗീകരിക്കുന്നത്.

---

നാഗാലാണ്ടിൽ സമാധാന ദൂതനായ വൈദികൻ

---

## വാരാന്ത്യവീക്ഷണം

സാമൂഹ്യപ്രതിബദ്ധത; എൻഡോസൾഫാനും മദ്യവും ഉയർത്തുന്ന ചോദ്യങ്ങൾ

## ജോൺപോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവൻ

സാഹോദര്യത്തിന്റെയും വിശുദ്ധിയുടെയും പരിമളം പരത്തി കടന്നുപോയ ജോൺപോൾ രണ്ടാമൻ മാർപാപ്പയെ കത്തോലിക്കാ സഭ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തി. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയാണ് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. തീർഥാടകനായ മാർപാപ്പ ഇതോടെ അൾത്താരവണക്കത്തിനു യോഗ്യനായി.

സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന തിരുക്കർമങ്ങളിൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പ മുഖ്യകാർമികത്വം വഹിച്ചു. ജപമാലയോടെ തിരുക്കർമങ്ങൾ ആരംഭിച്ചു. ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ മുഖ്യകാർമികത്വത്തിൽ നാമകരണച്ചടങ്ങുകൾ നടന്നു. സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ആഘോഷമായ സമൂഹബലിയിൽ പ്രാർഥനയുടെ വേളയിലാണു ജോൺപോൾ മാർപാപ്പയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തിയത്.

സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മുൻഭാഗത്ത് ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ കൂറ്റൻ ചിത്രം അനാവരണം ചെയ്തു. പുണ്യനിമിഷം അറിയിച്ച് ദേവാലയമണികൾ മുഴങ്ങി. പുണ്യനിമിഷങ്ങൾക്കു സാക്ഷ്യം വഹിക്കാനായി റോം നഗരത്തിൽ ലക്ഷക്കണക്കിന് തീർത്ഥാടകരാണ് എത്തിയത്. തിരുക്കർമങ്ങളിൽ പങ്കെടുക്കാൻ 22 രാജ്യങ്ങളുടെ തലവന്മാർ വത്തിക്കാനിലെത്തി. 87 രാജ്യങ്ങളിൽനിന്നുള്ള ഔദ്യോഗിക പ്രതിനിധി സംഘങ്ങളും ചടങ്ങിനെത്തി.

ജോൺ പോൾ രണ്ടാമൻ മാർപാപ്പയോടുള്ള മധ്യസ്ഥ പ്രാർഥനയിലൂടെ പാർക്കിൻസൺസ് രോഗത്തിൽ നിന്നു വിമുക്തി നേടിയ ഫ്രാൻസിൽ നിന്നുള്ള കന്യാസ്ത്രീ സിസ്റ്റർ മേരി സിമൺ പിയറെയും വത്തിക്കാനിൽ എത്തി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിനുള്ള അദ്ഭുത പ്രവൃത്തിയായി വിലയിരുത്തപ്പെടുന്നത് ഈ രോഗശാന്തിയാണ്.

വിശുദ്ധ കുർബാനയ്ക്കുശേഷം ബനഡിക്ട് പതിനാറാമൻ മാർപാപ്പയും കർദിനാൾമാരും മൃതദേഹപേടകം വണങ്ങി. വിശ്വാസികൾക്കു വണങ്ങാനുള്ള അവസരമുണ്ടായിരുന്നു. സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മുഖ്യ അൾത്താരയ്ക്കുമുന്നിലാണ് മൃതദേഹപേടകം പ്രതിഷ്ഠിച്ചത്. പിന്നീട് സെന്റ് സെബാസ്റ്റ്യൻസ് ഗ്രോട്ടോയിലേക്കു മാറ്റി.

മെയ് രണ്ടാം തിയതി സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നന്ദിപ്രകാശന സമൂഹബലി നടന്നു. വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ താർസിസിയോ ബെർട്രോൺ മുഖ്യകാർമികത്വവും പോളണ്ടിൽനിന്നുള്ള കർദിനാൾമാരും ബിഷപ്പുമാരും സഹകാർമികത്വവും വഹിച്ചു. വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചശേഷം ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ബഹുമാനാർഥം അർപ്പിക്കപ്പെടുന്ന ആദ്യ ബലിയായിരുന്നു അത്.

## വർഗസമരത്തിലൂടെ തൊഴിലാളികളുടെ വികസനം സാധ്യമാകില്ല: മാർ ജോസഫ് പവ്വത്തിൽ



വർഗസമരത്തിലൂടെ തൊഴിലാളികളുവികസനം സാധ്യമല്ലെന്നും ആധ്യാത്മികത കൂടാതെയുള്ള വികസനം സ്ഥായിയല്ലെന്നും ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശേരിയിൽ സംഘടിപ്പിച്ച മേയ്ദിന റാലി മെത്രാപ്പോലീത്തൻ പള്ളി മൈതാനിയിൽ ഫ്ളാഗ് ഓഫ് ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. തൊഴിൽ കേവലം സാമ്പത്തികനേട്ടത്തിനു വേണ്ടി മാത്രമല്ലെന്നും മറിച്ച് സമഗ്ര വളർച്ചക്കു വേണ്ടി കൂടിയുള്ളതാണെന്നും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു. കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച റാലിയിൽ ജില്ലയിലെ മണിമല, ചങ്ങനാശേരി, കോട്ടയം, കറുകച്ചാൽ, അതിരമ്പുഴ മേഖലകളിൽനിന്നുള്ള ആയിരക്കണക്കിനു പ്രവർത്തകർ അണിചേർന്നു. ചങ്ങനാശേരി, കോട്ടയം, പാലാ, കാഞ്ഞിരപ്പള്ളി, തിരുവല്ല എന്നീ രൂപതകൾ ചേർന്നുള്ള കോട്ടയം റീജണലിന്റെ ഡയറക്ടർ ഫാ. ബെന്നി കുഴിയടി നേതൃത്വം നല്കിയ റാലി ചങ്ങനാശേരിയിലെ ഏറ്റവും കൂടുതൽ തൊഴിലാളികൾ പങ്കെടുത്ത മേയ്ദിന റാലിയായിരുന്നു. റാലിക്കുശേഷം മെത്രാപ്പോലീത്തൻ പള്ളി പാരീഷ് ഹാളിൽ നടന്ന സമാപനസമ്മേളനം ആർച്ച്ബിഷപ് മാർ ജോസ്ഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. തൊഴിൽ ദൈവികമായ പദ്ധതിയിലുള്ള പങ്കുചേരലാണെന്നും എല്ലാ തൊഴിലിനും മാന്യതയുണ്ടെന്നുംആർച്ച്ബിഷപ് മാർ പെരുന്തോട്ടം ഉദ്ബോധിപ്പിച്ചു. ഏതു തൊഴിൽ എന്നതല്ല, തൊഴിൽ എങ്ങനെ ചെയ്യുന്നു എന്നതാണു പ്രധാനപ്പെട്ട കാര്യം -ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു.

## തൊഴിലാളികളുടെ അവകാശങ്ങളും അന്തസും സഭ ഉയർത്തിപ്പിടിക്കും: മാർ പോളി കണ്ണൂക്കാടൻ



തൊഴിലിന്റെ മഹത്വത്തെയും തൊഴിലാളികളുടെ അവകാശങ്ങളും അന്തസും സഭ എക്കാലവും ഉയർത്തിപ്പിടിക്കുന്നതാണെന്ന് ബിഷപ് മാർ പോളി കണ്ണൂക്കാടൻ. ഇരിങ്ങാലക്കുട കെഎസ്ഇ ലിമിറ്റഡിൽ രൂപത കാത്ത ലിക് ലേബർ അസോസിയേഷന്റെ ആഭിമുഖ്യ ത്തിൽ നടന്ന രൂപതയുടെ തൊഴിലാളി ദിനാഘോഷം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. വ്യക്തിയുടെയും കുടുംബ ത്തിന്റെയും സമൂഹ ത്തിന്റെയും സുരക്ഷക്കും ഉന്നമന ത്തിനുമുള്ള ഉപാധിയായിട്ടാണ് സഭ തൊഴിലിനെ കാണു ന്നത്. അതിനാൽ സംരക്ഷിക്കപ്പെടേണ്ട മൂലധനം

മനുഷ്യ നാണ്. സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തി ന്റെയെല്ലാം ഉറവിടവും കേന്ദ്രവും ലക്ഷ്യവും മനുഷ്യ നാണ് എന്നതാണ് സഭയുടെ ദർശനമെന്നും ബിഷപ്കൂട്ടിച്ചേർത്തു.കേരളത്തിൽ സാമൂഹിക പ്രവർത്തനങ്ങൾക്ക്ഇന്നു പ്രസക്തിയുണ്ടെന്നും തീക്ഷ്ണത യിൽമാന്ദ്യംകൂടാതെ മനുഷ്യമഹത്വത്തിനായി പോരാടണമെന്നും ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ പറഞ്ഞു. ആളൂർ ബിഎൽഎമ്മിൽ ജീസസ് ഫ്രട്ടേണിറ്റി 16-ാമത് സംസ്ഥാനസമ്മേളനം ഉദ്ഘാടനംചെയ്ത് പ്രസംഗിക്കുകയായിരുന്നു മാർ പോളി കണ്ണൂക്കാടൻ.

**ബിൻലാദന്റെ വധത്തിൽ ആഹ്ലാദിക്കണ്ട; വത്തിക്കാൻ**

അൽക്വൈദ വിഭാഗീയതയും വിദ്വേഷവുമാണ് പ്രചരിപ്പിച്ചിരുന്നതെങ്കിലും ഒരു മനുഷ്യന്റെ കൊലപാതകത്തിൽ ക്രൈസ്തവന് സന്തോഷിക്കാനാവില്ല എന്ന് വത്തിക്കാന്റെ പ്രസ് ഓഫീസിന്റെ തലവൻ ഫാ ലൊമ്പാർഡി പ്രസ്താപിച്ചു. "കൊലപാതകങ്ങൾ വിദ്വേഷമാണ് വളർത്തുക, അല്ലാതെ സമാധാനമല്ല" അദ്ദേഹം വ്യക്തമാക്കി.

"ബിൻലാദൻ എല്ലാവർക്കും അറിയാവുന്നതു പോലെ തീഷ്ണമായ വിഭാഗീയതയും വിദ്വേഷപ്രചരണവും നടത്തിയ ആളാണ്, അനേകം നിരപരാധികളെ കൊന്നൊടുക്കുന്നതിലേക്ക് അതുനയിച്ചു. മതത്തെ ഈ ഒരു വിദ്വേഷപ്രചരണത്തിന് ഉപാധിയാക്കുകയും ചെയ്തു" പത്രക്കുറിപ്പ് വ്യക്തമാക്കുന്നു.

അമേരിക്കയിൽ ബിൻലാദന്റെ വധത്തിൽ ജനങ്ങൾ തെരുവിലിറങ്ങി ആഹ്ലാദപ്രകടനങ്ങൾ നടത്തുകയും യൂറോപ്പിലും മറ്റുമുള്ള നേതാക്കന്മാർ അമേരിക്കൻ നേതൃത്വത്തിന് അഭിനന്ദനവുമായി രംഗത്തുവരുകയും ചെയ്തപ്പോഴായിരന്നു വത്തിക്കാന്റെ പ്രതികരണം എന്നാൽ "ബിൻലാദന് ജനങ്ങൾക്കിടയിൽ വിദ്വേഷവും വിഭാഗീയതയും വളർത്തുന്നതിന്റെ ഉത്തരവാദിത്വം ഉണ്ടായിരുന്നു" വെന്ന പത്രക്കുറിപ്പിന്റെ ഭാഗം മാത്രമാണ് പാക്കിസ്ഥാൻ ദിനപ്പത്രമായ 'ദി ന്യൂസ്' തങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്. ബിൻലാദന്റെ വധത്തിൽ ആഹ്ലാദിക്കണ്ട എന്നഭാഗം ഒഴിവാക്കിയാണ് വത്തിക്കാന്റെ പ്രതികരണം പാക്കിസ്ഥാന്റെ ദിനപ്പത്രം നല്കിയത്.

**ഹങ്കറിയുടെ പുതിയ ഭരണഘടന ജീവിക്കുവാനുള്ള അവകാശത്തെയും രാഷ്ട്രത്തിന്റെ ക്രിസ്തീയ പാരമ്പര്യത്തെയും അംഗീകരിക്കുന്നത്.**

ഹങ്കറിയുടെ പാർലിമെന്റ് പാസ്സാക്കിയ പുതിയ ഭരണഘടന രാജ്യത്തിന്റെ ക്രൈസ്തവ പൈതൃകത്തെയും ഒപ്പം മനുഷ്യ ജീവന്റെ ആരംഭം മുതൽ ജീവിക്കാനുള്ള അതിന്റെ അവകാശത്തെയും അംഗീകരിക്കുന്നതാണ്.

"ദൈവം ഹങ്കറിയെ അനുഗ്രഹിക്കട്ടെ" എന്ന ആശംസയോടെ ആരംഭിക്കുന്ന ഭരണഘടനയിൽ "നമ്മുടെ രാജാവായിരുന്ന 'വിശുദ്ധ സ്റ്റീഫൻ' ആയിരം വർഷങ്ങൾക്കു മുമ്പ് ഹങ്കറി രാജ്യത്തെ ഉറപ്പുള്ള അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുകയും നമ്മുടെ രാജ്യത്തെ ക്രിസ്തീയ യൂറോപ്പിന്റെ ഭാഗമാക്കുകയും ചെയ്തു". എന്ന രാജ്യത്തിന്റെ പൈതൃകം വ്യക്തമാക്കുകയും ചെയ്യുന്നു.

"ദേശീയത സംരക്ഷിക്കുന്നതിൽ ക്രിസ്തീയത വഹിച്ച പങ്കിനെ ഞങ്ങൾ അംഗീകരിക്കുന്നു. രാജ്യത്തെ വിവിധ മതപാരമ്പര്യങ്ങളെയും ഞങ്ങൾ അംഗീകരിച്ച് അഭിനന്ദിക്കുന്നു", ഭരണഘടനതുടർന്നു വ്യക്തമാക്കുന്നു.

ജീവൻ അതിന്റെ ആരംഭത്തിലേ മുതൽ തന്നെ സംരക്ഷിക്കപ്പെടേണ്ടതാണ് എന്നു വ്യക്തമാക്കുന്ന ഭരണഘടന കമ്മ്യൂണിസത്തിനു ശേഷം ജനാധിപത്യ സംവിധാനങ്ങളുടെ പൂർത്തീകരണമായി ചിത്രീകരിക്കപ്പെടുന്നു

**നാഗാലാണ്ടിൽ സമാധാന ദൂതനായ വൈദികൻ**

നാഗാലാണ്ടിൽ വംശീയ കലാപങ്ങൾക്കും വിഭാഗീയ വിദ്വേഷ പ്രചരണങ്ങൾക്കും അക്രമങ്ങൾക്കും പരിഹാരം തേടുന്ന 'പീസ് ചാനൽ 'കൂടുതൽ ഫലപ്രദമായി രംഗത്തെത്തുകയാണ്. സമാധാനത്തിന്റെ സംസ്കാരം സൃഷ്ടിക്കാൻ അയ്യായിരത്തോളം സന്ദേശവാഹകരാണ് തയ്യാറായിരിക്കുന്നത്. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും പെടുന്നവർ- അദ്ധ്യാപകർ, വിദ്യാർത്ഥികൾ സാമൂഹ്യ നേതാക്കൾ- എന്നിങ്ങനെയുള്ളവരെല്ലാം ഈ പീസ് ചാനലിൽ അംഗങ്ങളായിട്ടുണ്ട്. ഫാ. സി.പി. ആന്റോയുടെ മനസ്സിൽ രൂപംകൊണ്ട ഈ ദൗത്യസംഘം കലാപഭൂമിയായി പലപ്പോഴും മാറുന്ന നാഗാലാണ്ടിൽ സമാധാനത്തിന്റെ ദൂതന്മാരായി നിലകൊള്ളുന്നു.

തട്ടികൊണ്ടുപോകലും കളവും മയക്കുമരുന്നമായി ബന്ധപ്പെട്ട അക്രമങ്ങളും എല്ലാം സജീവമായിരുന്ന സ്ഥലത്താണ് ഇപ്പോൾ സമാധാനം പടരുന്നതെന്നതാണ് ശ്രദ്ധേയം. പതിനാറു വംശീയ സംഘങ്ങളും അതിലും പലമടങ്ങു വരുന്ന രാഷ്ട്രീയ സംഘങ്ങളും ചേർന്ന് നാഗാലാണ്ടിലെ സാമൂഹ്യ സാഹചര്യം സങ്കീർണ്ണമാക്കുന്നു.

പലതട്ടിലായി പരസ്പരം പോരാടുന്ന ഈ വംശങ്ങളെ ഒരുമിച്ചു കൂട്ടാനും വിവിധ മതസ്തരെ സൗഹാർദ്ദത്തിൽ ഒരുമിപ്പിക്കാനും 'പീസ് ചാനലിനു' കഴിയുന്നുണ്ടെന്ന് ഫാ. ആന്റോ വ്യക്തമാക്കി. കൂടാതെ സംസ്ഥാനത്തിന്റെ പുരോഗതിക്കായി ഒരുമിച്ച് അദ്ധ്വാനിക്കാനും അവർ ഇപ്പോൾ തയ്യാറാകുന്നു.

പതിനാലുവർഷം മുമ്പ് നാഗാലാണ്ടിൽ അദ്ധ്യപകനായിരുന്ന കാലത്ത് നാഗാ അക്രമകാരികളെ നേരിടേണ്ടിവന്നതാണ് 'പീസ് ചാനൽ' എന്ന ജനമുന്നേറ്റത്തിന് രൂപം കൊടുക്കാൻ ഫാ. സി.പി.ആന്റോയെ പ്രേരിപ്പിച്ചത്. ഇന്ന് അത് എല്ലാ വംശത്തിലും പെടുന്ന അയ്യായിരം പേരുടെ ഒരു വൻ മുന്നേറ്റമായി മാറിക്കഴിഞ്ഞു.

## വാരാന്ത്യവീക്ഷണം

### സാമൂഹ്യപ്രതിബദ്ധത; എൻഡോസൾഫാനും മദ്യവും ഉയർത്തുന്ന ചോദ്യങ്ങൾ

---

ഇക്കഴിഞ്ഞ നാളുകളിൽ എൻഡോസൾഫാനെതിരായ സമരവും ഹർത്താലും ഒപ്പുമരവും ഒക്കെയായിരുന്നു മാധ്യമങ്ങളിൽ നിറഞ്ഞുനിന്നിരുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രിയും മന്ത്രിമാരും സാമൂഹ്യ സാംസ്കാരിക നേതാക്കന്മാരുമെല്ലാം ഈ സമരത്തിൽ പങ്കുചേർന്നതായി കണ്ടു. ചിലയിടങ്ങളിൽ സാമുദായികനേതാക്കന്മാരും രംഗത്തുണ്ടായിരുന്നു. മുഖ്യമന്ത്രി നടത്തിയ ഉപവാസവും തുടർന്നു വന്ന ഹർത്താലും ശ്രദ്ധേയമായ സമര വേദികളായിരുന്നു. കീടനാശിനിയുടെ ദുരന്തഫലങ്ങൾ ജനശ്രദ്ധയിൽ കൊണ്ടുവരാനും അതിനു പ്രതിവിധി തേടാനും അതുവഴി കഴിഞ്ഞു.

ഈ ജനമുന്നേറ്റത്തിൽ മാധ്യമങ്ങളും സാംസ്കാരിക സംഘടനകളും എൻഡോസൾഫാന്റെ ദുരന്തഫലങ്ങൾ ഏറ്റുവാങ്ങിയവരും നേതൃരംഗത്തുവന്നു. രാഷ്ട്രീയ ആരോപണ പ്രത്യാരോപണങ്ങൾക്കും ഈ സമരം വേദിയായി. എന്തായാലും ഇതിനുമുമ്പ് ഒരിക്കലും കണ്ടിട്ടില്ലാത്തവിധം സർക്കാരും രാഷ്ട്രീയപാർട്ടികളും മാധ്യമങ്ങളും, സംസ്കാരിക സംഘടനകളും എല്ലാം ചേർന്ന് ഈ ജനമുന്നേറ്റം ആഘോഷവും ഫലപ്രദവുമാക്കി.

എൻഡോസൾഫാനെതിരായി നടന്ന സമരത്തിന്റെ തീക്ഷ്ണതയും സാമൂഹ്യപ്രതിബദ്ധതയും , രാഷ്ട്രീയ ലക്ഷ്യങ്ങളും വിലയിരുത്തുമ്പോൾ അതിനേക്കാൾ ആയിരം മടങ്ങു നാശം വിതച്ചുകൊണ്ടിരിക്കുന്ന മദ്യത്തിനെതിരെ ചെറുവിരലനക്കാൻപോലും ഇവരാരും തയ്യാറല്ല എന്ന യാഥാർത്ഥ്യം ഞെട്ടിപ്പിക്കുന്നതാണ്. എൻഡോസൾഫാനേക്കാൾ എത്രയോമടങ്ങു ജീവനും ജീവിതവുമാണ് മദ്യം ഓരോദിവസവും അപകടത്തിലാക്കുന്നത്. എത്രയോ പേരുടെ മരണത്തിന് അത് ദിവസവും കാരണമാകുന്നു. ആത്മഹത്യകൾക്കും കുടുംബങ്ങളുടെ തകർച്ചക്കുമെല്ലാം പ്രധാനകാരണങ്ങളിലൊന്ന് മദ്യമാണന്ന് പഠനങ്ങൾ കാണിക്കുന്നുണ്ട്.

എൻഡോസൾഫാനെതിരേ കേരളത്തിലെ ജനജീവിതം സ്തംഭിപ്പിച്ച ഹർത്താലിന്റെ തലേന്ന് വീടുപറ്റാൻ തത്രപ്പെട്ടവർ കണ്ടകാഴ്ചകൾ ആകുലപ്പെടുത്തുന്നതായിരുന്നു. ബിവറേജ് കോർപ്പറേഷന്റെ വിപണനശാലകളിൽ തിരക്കുമൂലം ഗതാഗതം തടസപ്പെടാവുന്ന സാഹചര്യം പോലും ഉണ്ടായി. സാമൂഹ്യപ്രതിബദ്ധതയോടെ എൻഡോസൾഫാനെതിരേ പ്രതികരിച്ചവർ അതിനേക്കാൾ ആയിരം മടങ്ങെങ്കിലും മാരകവിപത്തായി മാറിയിരിക്കുന്ന മദ്യത്തിനെതിരെ നിലപാടെടുക്കാൻ തയ്യാറാകുന്നില്ല. എന്നു മാത്രമല്ല ഏതുവിധത്തിലായാലും മദ്യത്തിന്റെ വിപണി വളർത്താനുള്ള ശ്രമത്തിലാണുതാനും. സാമൂഹ്യപ്രതിബദ്ധതയുടെ കാപട്യം അഴിഞ്ഞു വീഴുന്നത് അവിടെയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മദ്യവിപണി എത്രമടങ്ങുകണ്ടു വർദ്ധിച്ചു? അല്ലെങ്കിൽ വർദ്ധിപ്പിച്ചു? അതുവഴി എത്രകോടി രൂപ കൂടുതൽ വരുമാനം ഉണ്ടാക്കി? ജനം നശിച്ചാലും സർക്കാരിനു പണം കിട്ടണമെന്ന ദുർമോഹമല്ലേ ഇതിന്റെ പിന്നിൽ ? സർക്കാരിന്റെയും രാഷ്ട്രീയ കക്ഷികളുടെയും സാമൂഹ്യപ്രതിബദ്ധത വിലയിരുത്താനുള്ള ഏറ്റവും ഉത്തമമായ മാനദണ്ഡം മദ്യം എന്ന സാമൂഹ്യ വിപത്തിനോടുള്ള അവരുടെ നിലപാട് പരിശോധിക്കുക എന്നതാണ്. ഇവർ എക്കാലവും ജനപക്ഷത്താണോ ജനവിരുദ്ധ പക്ഷത്താണോ എന്ന് വിലയിരുത്താനും പ്രതികരിക്കാനും എല്ലാവരും രംഗത്തുവരേണ്ടിയിരിക്കുന്നു.


**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA